കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ശിശുവിവാഹ തടസ്സ ആക്റ്റ്, 1929

(1929-ലെ 19-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

0-30

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ശിശുവിവാഹ തടസ്സ ആക്റ്റ്, 1929

(1929-ലെ 19-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

0-30

കേന്ദ്ര ഗവൺമെൻറ്
നിയമ മന്ത്രാലയം

# ശിശുവിവാഹ തടസ്സ ആക്റ്റ്, 1929

(1929-ലെ 19-ാം ആക്റ്റ്)

ശിശുവിവാഹങ്ങളുടെ ചടങ്ങനുസരിച്ചുള്ള നിർവ്വഹണം തടയാനുള്ള ആക്റ്റ്.

[1939 ഒക്ടോബർ 1]

ശിശുവിവാഹങ്ങളുടെ ചടങ്ങനുസരിച്ചുള്ള നിർവ്വഹണം തടയുന്നത് സമീചീനമായിരിക്കുകയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും. —(1) ഈ ആക്റ്റിന് ശിശുവിവാഹ തടസ്സ ആക്റ്റ്, 1929 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു–കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും ഇൻഡ്യക്ക് വെളിയിലുള്ള, ഇൻഡ്യയിലെ എല്ലാ പൗരന്മാർക്കും കൂടി ഇത് ബാധകമാകുന്നതും ആണ് :

(3) ഇത് 1930 ഏപ്രിൽ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) ശിശുവിന്, ആണാണെങ്കിൽ പതിനെട്ടുവയസ്സിനും പെണ്ണാണെങ്കിൽ പതിനഞ്ച് വയസ്സിനും താഴെയുള്ള ആൾ എന്നും,

(ഖ) '' ശിശുവിവാഹ''ത്തിന് ആ ബന്ധത്തിൽ ഏർപ്പെടുന്ന ഇരു കക്ഷികളിൽ ഒരാൾ ശിശുവായിട്ടുള്ള വിവാഹം എന്നും,

(ഗ) ഒരു വിവാഹബന്ധത്തിൽ ഏർപ്പെടുന്ന കക്ഷി''ക്ക് അതു വഴി ആരുടെ വിവാഹമാണോ ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുകയോ നിർവ്വഹിക്കപ്പെടാൻ പോവുകയോ ചെയ്യുന്നത്, ആ ഇരു കക്ഷികളിൽ ഒരാൾ എന്നും,

(ഘ) ''മൈനർ''ക്ക് പതിനെട്ടുവയസ്സിന് താഴെയുള്ള, സ്ത്രീയോ പുരുഷനോ ആയ ആൾ എന്നും,

അർത്ഥമാകുന്നു.

3. ശിശുവിവാഹം ചെയ്യുന്ന ഇരുപത്തൊന്ന് വയസ്സിന് താഴെയുള്ള പ്രായപൂർത്തിയായ പുരുഷനുള്ള ശിക്ഷ.— പതിനെട്ടുവയസ്സിനു മുകളിൽ ഇരുപത്തൊന്നുവയസ്സിനു താഴെ പ്രായമുള്ള ഒരു പുരുഷനായിരിക്കെ, ഒരു ശിശുവിവാഹബന്ധത്തിൽ ഏർപ്പെടുന്ന ഏതൊരാളും പതിനഞ്ചുദിവസത്തോളമാകാവുന്ന വെറും തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

4. ശിശുവിനെ വിവാഹം ചെയ്യുന്ന ഇരുപത്തൊന്നു വയസ്സിനു മുകളിലുള്ള പ്രായപൂർത്തിയായ പുരുഷനുള്ള ശിക്ഷ.— ഇരുപത്തൊന്നുവയസ്സിനു മുകളിൽ പ്രായമുള്ള ഒരു പുരുഷനായിരിക്കെ, ഒരു ശിശുവിവാഹത്തിൽ ഏർപ്പെടുന്ന ഏതൊരാളും മൂന്നുമാസത്തോളമാകാവുന്ന വെറും തടവു നല്കി ശിക്ഷിക്കപ്പെടാവുന്നതും, പിഴ ശിക്ഷക്കുകൂടി അർഹനാകുന്നതും ആണ്.

5. ശിശുവിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കുന്നതിനുള്ള ശിക്ഷ.— ഏതെങ്കിലും ശിശുവിവാഹം നടത്തുകയോ നടത്തിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആ വിവാഹം ഒരു ശിശുവിവാഹമല്ലെന്ന് വിശ്വസിക്കുവാൻ തനിക്ക് കാരണമുണ്ടായിരുന്നുവെന്ന് അയാൾ തെളിയിക്കാത്ത പക്ഷം, മൂന്നുമാസത്തോളമാകാവുന്ന വെറും തടവുനൽകി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതുമാണ്.

6. ശിശുവിവാഹത്തിൽ ബന്ധപ്പെട്ട മാതാവിനോ പിതാവിനോ രക്ഷാകർത്താവിനോ ഉള്ള ശിക്ഷ.— (1) ഒരു മൈനർ ഒരു ശിശുവിവാഹബന്ധത്തിൽ ഏർപ്പെടുന്നിടത്ത്, മാതാവ് എന്ന നിലയിലോ പിതാവ് എന്ന നിലയിലോ രക്ഷാകർത്താവ് എന്ന നിലയിലോ മറ്റേതെങ്കിലും നിലയിലോ, ആ മൈനറുടെ നിയമാനുസൃതമായതോ അല്ലാത്തതോ ആയ ചുമതലയുണ്ടായിരിക്കെ ആ വിവാഹത്തിന് പ്രോൽസാഹനം നല്കുന്ന ഏതെങ്കിലും കൃത്യം ചെയ്യുകയോ, അത് ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടാൻ അനുവദിക്കുകയോ, അല്ലെങ്കിൽ അത് ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് ഉപേക്ഷയാൽ തടയാതിരിക്കുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നു മാസത്തോളമാകാവുന്ന വെറും തടവുനൽകി ശിക്ഷിക്കപ്പെടുന്നതും, പിഴശിക്ഷക്കുകൂടി അർഹനാകുന്നതുമാണ്.

എന്നാൽ യാതൊരു സ്ത്രീയും തടവു ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതല്ല.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, വിപരീതമായത് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരേയും, ഒരു മൈനർ ഒരു ശിശുവിവാഹബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള മൈനറുടെ ചാർജ്ജുള്ള ആൾ ആ വിവാഹം ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടുന്നത് ഉപേക്ഷയാൽ തടയാതിരുന്നിട്ടുണ്ടെന്ന് അനുമാനിക്കപ്പെടുന്നതാണ്.

7. [3-ാം വകുപ്പിൻകീഴിലുള്ള കുററങ്ങൾക്ക് തടവുശിക്ഷ നല്കുവാൻ പാടുള്ളതല്ല.] ശിശുവിവാഹ തടസ്സ (ഭേദഗതി) ആക്ററ് 1949 (1949-ലെ 41) 5-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

8. ഈ ആക്ററിൻകീഴിലെ അധികാരിത.— ക്രിമിനൽ നടപടി നിയമസംഹിത, 1898-ലെ (1898-ലെ 5) 190-ാംവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പ്രസിഡൻസി മജിസ്ട്രേററിന്റേയോ ഒരു ഒന്നാം ക്ലാസ് മജിസ്ട്രേററിന്റേയോ അല്ലാത്ത ഒരു കോടതിയ്ക്ക്, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം നടപടിക്കെടുക്കുകയോ വിചാരണ ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല.

9. കുററങ്ങൾ നടപടിക്കെടുക്കുന്ന സംപ്രദായം.— യാതൊരു കോടതിയും ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം, ആ കുററം ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ ഒരു വർഷം കഴിഞ്ഞതിനുശേഷം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

10. കുററങ്ങളുടെ പ്രാരംഭിക അന്വേഷണ വിചാരണ.— നടപടിക്കെടുക്കാൻ പ്രാധികാരമുള്ള ഏതെങ്കിലും കോടതി, ഏതെങ്കിലും കുററത്തെക്കുറിച്ചുള്ള ഒരു പരാതി കിട്ടുന്നതായാൽ അത് ക്രിമിനൽ നടപടി നിയമസംഹിത, 1898-ലെ (1898-ലെ 5), 203-ാം വകുപ്പിൻ കീഴിൽ തള്ളിക്കളയാത്ത പക്ഷം, ആ നിയമസംഹിതയുടെ 202-ാം വകുപ്പിൻ കീഴിൽ സ്വയം ഒരു അന്വേഷണ വിചാരണ നടത്തുകയോ അല്ലെങ്കിൽ അതിൽ താഴെയുള്ള ഒരു മജിസ്ട്രേററിനോട്, അങ്ങനെയുള്ള ഒരു അന്വേഷണ വിചാരണ നടത്താൻ നിദേശിക്കുകയോ ചെയ്യേണ്ടതാകുന്നു.

11. [പരാതിക്കാരനിൽനിന്ന് ജാമ്യം വാങ്ങുവാനുള്ള അധികാരം] ശിശുവിവാഹ തടസ്സ (ഭേദഗതി) ആക്റ്റ്, 1949 (1949-ലെ 41) 7-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

12. ഈ ആക്റ്റിനെ ഉല്ലംഘിച്ചുകൊണ്ടുള്ള വിവാഹം നിരോധിക്കുന്ന ഇൻജംഗ്ഷൻ പുറപ്പെടുവിക്കാനുള്ള **അധികാരം.**— (1) വിപരീതമായി ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിനെ ഉല്ലംഘിച്ചുകൊണ്ടുള്ള ഒരു ശിശുവിവാഹത്തിന് ഏർപ്പാട് ചെയ്തിട്ടുള്ളതായോ ചടങ്ങനുസരിച്ച് നിർവ്വഹിക്കപ്പെടാൻ പോകുന്നതായോ കോടതിക്ക്, ഒരു പരാതിയിലൂടെയോ മററു വിധത്തിലോ അതിന്റെ മുമ്പാകെ വച്ചിട്ടുള്ള വിവരത്തിൽനിന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള വിവാഹം നിരോധിച്ചുകൊണ്ട് ഈ ആക്റ്റിലെ 3,4,5,6 എന്നീ വകുപ്പുകളിൽ പറഞ്ഞിട്ടുള്ള ആളുകളിൽ ആർക്കെങ്കിലും എതിരായി ഒരു ഇൻജംഗ്ഷൻ പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള യാതൊരു ഇൻജംഗ്ഷനും, ഏതെങ്കിലും ആൾക്കെതിരായി, കോടതി അങ്ങനെയുള്ള ആൾക്ക് മുൻകൂട്ടി നോട്ടീസ് നല്കുകയും ഇൻജംഗ്ഷൻ പുറപ്പെടുവിക്കുന്നതിനെതിരായി കാരണം കാണിക്കാൻ അയാൾക്ക് അവസരം നല്കുകയും ചെയ്തിട്ടില്ലാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(3) കോടതിക്ക് സ്വയമേവ അല്ലെങ്കിൽ സങ്കടമുള്ള ഏതെങ്കിലും ആളുടെ അപേക്ഷയിന്മേൽ, (1)-ാം ഉപവകുപ്പിൻ കീഴിൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും ഉത്തരവ് റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(4) അങ്ങനെയുള്ള ഒരു അപേക്ഷ കിട്ടിയിട്ടുള്ളിടത്ത്, കോടതി, അപേക്ഷകന് നേരിട്ടോ, വക്കീൽ മുഖാന്തരമോ അതിന്റെ മുമ്പാകെ ഹാജരാകുന്നതിന് കാലേകൂട്ടി ഒരവസരം നൽകേണ്ടതും, കോടതി അപേക്ഷ പൂർണ്ണമായോ ഭാഗികമായോ തിരസ്കരിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യുവാൻ കോടതിക്കുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും ആകുന്നു.

(5) ഈ വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഇൻജംഗ്ഷൻ ഉത്തരവ് തനിക്കെതിരായി പുറപ്പെടുവിച്ചിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ട്, അങ്ങനെയുള്ള ഇൻജംഗ്ഷൻ ഉത്തരവ് ലംഘിക്കുന്ന ഏതൊരാളും, മൂന്നു മാസത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ, രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ യാതൊരു സ്ത്രീയും തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതല്ല.